# അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി




ഒരു സ്ത്രീയെ സംബന്ധിച്ച് ഏറ്റവും സുരക്ഷിതമായ ജീവിത സാഹചര്യമേത്? ഭർത്താവും കുട്ടികളുമൊത്ത് വ്യവസ്ഥാപിത കുടുംബ സങ്കൽപ്പത്തിന്റെ ഭാഗമായ ജീവിതം. ഭർത്താവിന് അവളോടുള്ള സമീപനം പ്രതികൂലമാണെങ്കിലോ? സുരക്ഷാ സങ്കൽപ്പം അവിടെ തീർന്നു. പറക്കമുറ്റിയാൽ എല്ലാ ബന്ധങ്ങളും വിട്ടെറിഞ്ഞ് ഓടുന്ന മക്കളുടെ കരങ്ങളിൽ എന്തു സുരക്ഷിതത്വം? സ്വന്തമായി ഒരു ജോലിയും വരുമാനവും ഉണ്ടായതു കൊണ്ട് മാത്രം ജീവിതം പൂർണ്ണമാവുമോ? ആദ്ധ്യാത്മിക ജീവിതം ഇതിനെല്ലാം പരിഹാരമായി കണ്ട ധാരാളം സ്ത്രീകളുണ്ട്. സിസ്റ്റർ അഭയമാരുടെ അനുഭവം ഒരു ഭാഗത്ത്. സന്തോഷ് മാധവൻമാർ സൃഷ്ടിക്കുന്ന ഭീഷണി മറുവശത്ത്. അശാന്തമായ ഇത്തരം അവസ്ഥകൾ നിലനിൽക്കുമ്പോഴും ദൈവത്തിലുള്ള അചഞ്ചല വിശ്വാസത്തിന്റെ പിൻബലത്തിൽ ചില പെൺകുട്ടികൾ ആദ്ധ്യാത്മിക ജീവിതത്തിൽ സമാശ്വാസം കണ്ടെത്തുന്നു.

അക്കൂട്ടത്തിൽ ഒരു പെൺകുട്ടിയായിരുന്നു മോമി. കേവല സുരക്ഷയേക്കാൾ ദൈവത്തിലുള്ള അഗാധ പ്രണയവും ആത്മബന്ധവും കൊണ്ട് അവർ ആ വഴിയിൽ എത്തിപ്പെടുകയായിരുന്നു. അങ്ങനെ മോമി സിസ്റ്റർ ജെസ്മിയായി. പിന്നീട് പിഎച്ച്.ഡി.എടുത്ത് ഡോ.ജെസ്മിയായി. അപ്പോഴും തന്നെ വേട്ടയാടിക്കൊണ്ടിരുന്ന പ്രതിസന്ധികൾ വകവയ്ക്കാതെ അവർ സഭാവസ്ത്രം നിലനിർത്തി. ഒടുവിൽ എല്ലാ അതിർത്തികളും ലംഘിക്കപ്പെട്ടപ്പോൾ അവർ അത് അഴിച്ചുവയ്ക്കാൻ തീരുമാനിച്ചു. സേവന മനോഭാവവും നിഷ്കപടഭക്്തിയും കൈമുതലായവർക്ക് കന്യാസ്ത്രീപ്പട്ടം എന്ന ലേബൽ ഇല്ലാതെ ദൈവത്തെ കാണാൻ സാധിക്കുമെന്ന് അവർ അനുഭവം കൊണ്ട് തിരിച്ചറിഞ്ഞു.

ജെസ്മിയുടെ മൂന്നു പതിറ്റാണ്ടു കാലത്തെ അനുഭവങ്ങൾ മുൻ നിർത്തി ഡി.സി.ബുക്സ്് പ്രസിദ്ധീകരിച്ച ആത്മകഥ 'ആമേൻ' കേര ളീയ വായനാസമൂഹത്തിൽ ചൂടേറിയ ചർച്ചകൾക്ക് തുടക്കമിട്ടു കഴി ഞ്ഞു. അത്യപൂർവമായ അനുഭവങ്ങളുടെ തീക്ഷ്ണതയാൽ സമ്പന്ന മായ ആമേന്റെ പശ്ചാത്തലത്തിൽ ജെസ്മിയുടെ ജീവിതത്തെ ക്കുറിച്ച് ഒരന്വേഷണം.

ആദ്ധ്യാത്മിക സ്ഥാപനങ്ങളെ ഇകഴ്ത്തുക ഒരു ഫാഷനായിരിക്കുകയാണ്. ചില ഒറ്റപ്പെട്ട സംഭവങ്ങളെ മുൻനിർത്തി കാര്യങ്ങളെ സാമാന്യവൽക്കരിക്കുന്ന പ്രവണത നല്ലതാണോ?

നമുക്ക് പൊരുത്തപ്പെടാൻ കഴിയാത്ത അനുഭവങ്ങൾ ഉണ്ടാവുമ്പോഴാണ് എത്ര വിശുദ്ധമെന്ന് നമ്മൾ കരുതുന്ന സ്ഥാപനങ്ങളോടും മാനസികമായ അകൽച്ചയുണ്ടാവുന്നത്. സന്ന്യാസ സമൂഹത്തിന്റെ ഭാഗമായിരുന്ന എന്നേപ്പോലൊരാൾക്ക് അതിനെ ചെറുതാക്കി കാണിക്കുക എന്ന നിക്ഷിപ്ത താത്പര്യമുണ്ടാവേണ്ട കാര്യമില്ല. ഞാൻ കണ്ടറിഞ്ഞ കാര്യങ്ങൾ സത്യസന്ധമായി തുറന്നു പറയുന്നു എന്നു മാത്രം.

കന്യാസ്ത്രീയാവണമെന്ന ആഗ്രഹത്തിന്റെ തുടക്കം?

അത് ശരിക്കും ഒരു ദൈവവിളിയുടെ പരിണത ഫലമാണ്. ഞങ്ങളുടെ കുടുംബത്തിൽ ആരും മഠത്തിൽ ചേർന്നിട്ടില്ല. എനിക്കും ചെറുപ്രായത്തിൽ അങ്ങനൊരു താത്പര്യം ഉണ്ടായിരുന്നില്ല. പ്രീഡിഗ്രി കാലയളവിലൊക്കെ ഫാഷനബിളായിരുന്നു ഞാൻ. വസ്ത്രത്തിന്

ചേരുന്ന ആഭരണങ്ങൾ ഉപയോഗിക്കുന്ന, സിനിമ കാണുന്ന, നോവലുകൾ വായിക്കുന്ന പെൺകുട്ടി. വളരെ ജോളിയായ കുടുംബാന്തരീക്ഷം. രാത്രി കുടുംബപ്രാർത്ഥന കഴിഞ്ഞാലുടൻ അപ്പൻ ചോദിക്കും"സിനിമക്ക് പോവേണ്ടവർ കൈ പൊക്കുക." ആദ്യം പൊങ്ങുന്ന കൈ എന്റേതാവും. പിറ്റേന്ന് ഉച്ചഭക്ഷണസമയത്ത് അമ്മയുടെ വക സൻമാർഗ ഉപദേശങ്ങളുണ്ട്. "അപ്പനെ വെല്ലുവിളിച്ച ഉമ്മറിന്റെ ഗതി കണ്ടോ?' പ്രേംനസീറിന്റെ ത്യാഗത്തിന് ദൈവം ഫലം കൊടുത്തത് കണ്ടോ?'

തീവ്ര ഭൗതികാധിഷ്ഠിതമായ ജീവിത ശൈലിയിൽ നിന്നു ദൈവികതയുടെ സവിശേഷാനുഭവത്തിലേക്ക് ആകർഷിക്കപ്പെടുന്നത്?

എന്റെ പ്രായത്തിലുള്ള ഒരു കുട്ടിക്ക് എതിർലിംഗത്തിലുള്ള ഒരാളോട് തോന്നാനിടയുള്ള തീവ്രാനുരാഗം ഞാൻ അറിഞ്ഞത് യേശുവിൽ നിന്നായിരുന്നു. അത്രമേൽ തീക്ഷ്ണമായി എന്റെ പ്രിയതമൻ എന്നെ സ്വാധീനിച്ചിരുന്നു.

ഒരു ധ്യാനത്തിൽ പങ്കെടുത്ത് മടങ്ങിവന്ന ശേഷം ഞാൻ അമ്മയോട് മഠത്തിൽ ചേരാനുള്ള ആഗ്രഹം പറഞ്ഞു. ധ്യാനാവസ്ഥയിൽ തനിക്കും ഇത്തരം വെളിപാടുകൾ ഉണ്ടായിട്ടുണ്ടെന്നു പറഞ്ഞ് അമ്മ അതിനെ നിസാരവൽക്കരിച്ചു. ആങ്ങളമാരറിഞ്ഞാൽ കളിയാക്കുമെന്നു വരെ പറഞ്ഞു. ഞാൻ വിട്ടു കൊടുത്തില്ല:"ഞാൻ അവിടുത്തേക്ക് വാക്ക് കൊടുത്തു അമ്മേ"

ആ സമയത്ത് ഞങ്ങൾ കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ഫീസ് നൽകാൻ പോലും നിർവാഹമില്ല. എന്റെ സ്കോളർഷിപ്പ് തുക പോലും വീട്ടാവശ്യത്തിന് ചെലവഴിക്കുകയാണ്. പണ്ട് ഞങ്ങളുടെ ഇടവക വികാരിയായിരുന്ന ബിഷപ്പ് കുണ്ടുകുളം സഹായിക്കാമെന്ന് സമ്മതിച്ചു. ഹൃദയാലുവായ അദ്ദേഹം ഫീസിനുള്ള 15രൂപ 50 പൈസ കൃത്യമായി കവറിലിട്ട് തന്നുവിടും.

ആദ്ധ്യാത്മിക മേഖലയിൽ മനസാക്ഷിയുള്ളവരുമുണ്ടെന്ന് എന്നെ ബോധ്യപ്പെടുത്തിയ ആദ്യത്തെ വ്യക്തി ആദര ണീയനായ കുണ്ടുകുളം തിരുമേനിയാ ണ്.

കന്യാസ്ത്രീയാവാനുള്ള തീരുമാനം നടപ്പാവുന്ന ഘട്ടത്തിൽ എന്തായിരുന്നു കുടുംബത്തിന്റെ പ്രതികരണം?

അപ്പൻ കരയുകയായിരുന്നു. ഒന്നാം റാങ്ക് വാങ്ങി പ്രീഡിഗ്രി പാസായ ഞാൻ കുടുംബത്തിന്റെ വലിയ പ്രതീക്ഷയായിരുന്നു. കുഞ്ഞാങ്ങളയൊക്കെ ബഹളമുണ്ടാക്കി. ഞങ്ങളുടെ കൂട്ടത്തിൽ ആരും എടുക്കാത്ത തീരുമാനമാണിത്. ആത്മീയകാര്യങ്ങൾ അന്യമായ അന്തരീക്ഷമായിരുന്നു ഞങ്ങളുടേത്. കൗതുകമത്രയും സദ്യയും മദ്യസേവയും നടത്തുന്നതിലായിരുന്നു. ഓരോ ചടങ്ങ് കഴിയുമ്പോഴും ഞങ്ങൾ പരസ്പരം തിരക്കും അടുത്ത ആഘോഷം എന്നാണ്? കന്യാസ്ത്രീ സമൂഹത്തെക്കുറിച്ചുള്ള എന്റെ ധാരണകൾ ബാലിശമായിരുന്നു. എന്റെ ഒരു സംശയം കേട്ട് അമ്മ പൊട്ടിചിരിച്ചു.

സംശയം..?

'അമ്മേ, ഈ കന്യാസ്ത്രീകളുടെ മാറിടം മുറിച്ചു നീക്കുന്ന ഓപ്പറേഷൻ ചെയ്യുമ്പോൾ ഒരുപാട് വേദനിക്കില്ലേ?'

അമ്മ ചോദിച്ചു.:"നീ സിസ്റ്റർ ജോർജിയയുടെ മാറിടം ശ്രദ്ധിച്ചിട്ടില്ലേ?'

ഞാനതൊന്നും ശ്രദ്ധിച്ചിരുന്നില്ല. എന്റെ അഭിപ്രായത്തിൽ കന്യാസ്ത്രീകൾക്ക് ആ അവയവം നിലനിർത്തേണ്ട കാര്യമില്ല. സത്യത്തിൽ കന്യാസ്ത്രീ സമൂഹത്തിന്റെ ജീവിതരീതിയെക്കുറിച്ച് ഒന്നും എനിക്കറിയില്ലായിരുന്നു. ഞാൻ മഠത്തിൽ ചേരാൻ ആഗ്രഹിച്ചത് എന്റെ ഈശോ വിളിച്ചതു കൊണ്ട് മാത്രമായിരുന്നു.

സ്വപ്നം കണ്ട വിധം ആദ്ധ്യാത്മികതയുടെ മഹനീയാന്തരീക്ഷം അനുഭവവേദ്യമായോ?

സന്യാസപഠനകാലത്ത് ഞാൻ ഒരു ഡിഗ്രി സ്റ്റുഡന്റ് കൂടിയായിരുന്നു. വിമൻസ് കോളജ് ആയിരുന്നതു കൊണ്ട് ആൺകുട്ടികളുമായി കാണാനോ അടുക്കാനോ സാഹചര്യം ഉണ്ടായിരുന്നില്ല. സ്വാഭാവികമായും പലരും സ്വവർഗാനുരാഗികളായി തീർന്നു. ഡിഗ്രിക്ക് പഠിക്കുന്ന ഒരു കുട്ടിയും ഒരു പ്രീഡിഗ്രി കുട്ടിയും തമ്മിലുള്ള കാണാൻ പാടില്ലാത്ത രംഗങ്ങൾക്ക് സാക്ഷിയാകേണ്ടി വന്നു.അങ്ങിനെയൊന്ന് കണ്ടിട്ടേയില്ലെന്ന് സ്വയം സമാധാനിപ്പിച്ചു കൊണ്ട് ഞാൻ പിൻവാങ്ങി. മഠത്തിന്റെ ആവൃതിയിലേക്ക് പ്രവേശിച്ചശേഷവും ഇത്തരം കാര്യങ്ങൾകാണാനിടയായപ്പോൾ വിഷമം തോന്നി. മിക്കവാറും എല്ലാ കന്യാസ്ത്രീകളും ജോഡികളായിരുന്നു. ഊണിലും ഉറക്കത്തിലും മുതൽ കുളിമുറിയിൽ വരെ. അരുതാത്ത പലതും ഇതിനിടയിൽ സംഭവിച്ചു കൊണ്ടേയിരുന്നു. എല്ലാം ഈശോയിൽ സമർപ്പിച്ച് ഞാൻ എന്റെ ശരികളുമായി മുന്നോട്ട് നീങ്ങി.

അക്കാലത്ത് ഒരു ധ്യാനത്തിൽ ധ്യാനഗുരുവായി എത്തിയത് ഒരു ഫാദറായിരുന്നു. അദ്ദേഹത്തിന്റെ ഭക്തിനിർഭരമായ പ്രഭാഷണത്തിൽ മുഴുകിയിരിക്കുമ്പോഴാണ് ഒരു സിസ്റ്റർ പറയുന്നത്.

'ഞങ്ങളെല്ലാം വിഷമിച്ചിരിക്കുകയാണ്. കൂടിക്കാഴ്ചക്ക് തനിച്ച് പോയവരെയെല്ലാം ആ ഫാദർ ചുംബിച്ചു."

ആ സന്ദർഭത്തെ നേരിടാൻ തന്നെ ഞാൻ തീരുമാനിച്ചു. എന്നെയും ഫാദർ ചുംബിക്കാൻ ഒരുങ്ങി. ഞാൻ താത്പര്യമില്ലെന്ന് തുറന്നു പറഞ്ഞു. മറ്റ് പെൺകുട്ടികൾ ഇതു പോലെ പ്രതികരിക്കാത്തതാണ് പ്രശ്നമെന്ന് എനിക്ക് തോന്നി. മറ്റുള്ളവർക്ക് ഇക്കാര്യത്തിലുള്ള ബുദ്ധിമുട്ടിനെക്കുറിച്ച് ഞാൻ അദ്ദേഹത്തോട് സംസാരിച്ചു. അദ്ദേഹം വേദപുസ്തകം തുറന്ന് ചില ഉദ്ധരണികൾ കാണിച്ചു തന്നു.

നിങ്ങൾ വിശുദ്ധ ചുംബനത്തിൽ അന്യോന്യം അഭിവാദ്യം ചെയ്യുവിൻ(1,കോറിന്തോസ് 16;20)

വിശുദ്ധചുംബനം കൊണ്ട് എല്ലാ സഹോദരേയും അഭിവാദ്യം ചെയ്യുവിൻ"(1 തെസലോണിയർ 5;26)

മതങ്ങളും മതനിയമങ്ങളും മാനുഷികതക്ക് പരമപ്രാധാന്യം നൽകണമെന്ന് വിശ്വസിക്കുന്ന എനിക്ക് ഒരു നിയമം ഒട്ടും ഉൾക്കൊള്ളാൻ കഴിഞ്ഞില്ല. ഞങ്ങൾ സഭാവസ്ത്രം ധരിച്ച് പൂർണ്ണമായും കന്യാസ്ത്രീയാവുന്ന ചടങ്ങിന്റെ തലേന്ന് ജന്മം നൽകിയ സ്വന്തം മാതാപിതാക്കളെ കാണാൻ കൂടി അനുവാദമില്ല.

ആദ്ധ്യാത്മികത പോലെ എനിക്ക് സന്തോഷം കിട്ടുന്ന മേഖലയായിരുന്നു അധ്യാപനവും. എല്ലാ കോഴ്സും റാങ്കോടെ പാസാവുമ്പോൾ മനസിൽ ആ സ്വപ്നം മാത്രമായിരുന്നു. കോളേജിൽ ഒരു നല്ല അദ്ധ്യാപികയെന്ന് പേരെടുക്കുമ്പോൾ സഹപ്രവർത്തകർക്ക് അസൂയ തോന്നുന്നത് സ്വാഭാവികം. എന്നാൽ മദർ സുപ്പീരിയർ ആ റോൾ ഏറ്റെടുത്തതോടെ ഞാൻ വിഷമത്തിലായി. അവർ എപ്പോഴും എന്നിൽ കുറ്റം കണ്ടെത്തിക്കൊണ്ടേയിരുന്നു. മുതിർന്ന മറ്റ് കന്യാസ്ത്രീകളും എനിക്കെതിരെ കരുക്കൾ നീക്കി.

ഒരിക്കൽ ബിഷപ്പ് കുണ്ടുകുളം തുറന്നു പറഞ്ഞു. "മഠത്തിലെ ഏറ്റവും ഹീനമായ കാര്യം കന്യാസ്ത്രീകൾക്കിടയിലെ"പ്രത്യേക സ്നേഹം"ആണെന്നാണ് ധാരണ. അതിനേക്കാൾ വിനാശകാരിയായി എനിക്ക് തോന്നുന്നത് നിങ്ങൾക്കിടയിലെ പരസ്പര വിദ്വേഷമാണ്."

പ്രത്യേക സ്നേഹം..?

ഭാര്യാഭർത്താക്കന്മാർ എന്ന പോലെ ഊണിലും ഉറക്കത്തിലും എല്ലാ അർത്ഥത്തിലും ഒരുമിച്ച് കഴിയുന്ന ജോടികളെക്കുറിച്ചാണ് വിവക്ഷ.

എല്ലാവരും മോശക്കാർ,ഞാൻ മാത്രം നല്ലത്, എന്ന അനാരോഗ്യപരമായ ധ്വനിയില്ലേ?

ഒരിക്കലുമില്ല പരിശുദ്ധരും പുണ്യവതികളുമായ എത്രയോ കന്യാസ്ത്രീകളും പുരോഹിതൻമാരുമുണ്ട്. അനീതികൾ കണ്ടിട്ടും പ്രതികരിക്കാൻ ധൈര്യമില്ലാത്ത തു കൊണ്ട് അവർ എല്ലാം സഹിക്കുക യാണ്. അക്കൂട്ടത്തിൽ ഒരാളായിരുന്നു സിസ്റ്റർ മരിയ. അശ്ളീലമായ ഒന്നും തന്നെ ചിന്തിക്കാത്ത തികഞ്ഞ ദൈവഭക്തിയുള്ള സ്ത്രീ.

സ്വാഭാവികമായും ഞങ്ങൾ തമ്മിൽ ഒരടുപ്പമുണ്ടായി. പക്ഷെ ഞങ്ങളുടെ ബന്ധത്തിൽ അരുതാത്തത് കണ്ടെത്താൻ ചിലർ കണ്ണിലെണ്ണയൊഴിച്ച് കാത്തിരുന്നു. അതിനു ശേഷം ഞങ്ങൾ ഒരുമിച്ച് നടക്കാൻ കൂടി മടിച്ചു.

അതേ സമയം ദാരിദ്ര്യ വ്രതമെടുത്ത ചില കന്യാസ്ത്രീകൾ സ്വന്തം വീട്ടിലേക്കും ബന്ധുവീട്ടിലേക്കും വിലപിടിച്ച സാധനങ്ങളും പണവും രഹസ്യമായി കൊണ്ടുപോവുന്ന കാഴ്ച ഞാൻ നേരിൽ കണ്ടിട്ടുണ്ട്.

ചില അടക്കംപറച്ചിലുകളിൽ പറയപ്പെടും പോലെ സദാചാര വിരുദ്ധമായ കാര്യങ്ങൾ മഠത്തിന്റെ അന്തരീക്ഷത്തിലും നടക്കുന്നുണ്ടോ?

വിമി എന്നൊരു സിസ്റ്റർ ഹോസ്റ്റൽ വാർഡനായിരിക്കുന്ന സമയത്ത് ഹോസ്റ്റലിലെ ഒരു കുട്ടിയുമായി അനാശാസ്യ ബന്ധത്തിന് പിടിക്കപ്പെട്ട കഥ ഞാനും കേട്ടിരുന്നു. രാത്രിയിൽ ചെറുക്കന്മാർ പുറത്തു നിന്നും വിളിച്ചു കൂവുക പതിവായിരുന്നു.എന്റെ വിദ്യാർത്ഥിനിയായിരുന്ന മാലു എന്ന കുട്ടിയായിരുന്നു അവരുടെ പ്രേമഭാജനം. മാലു പഠനം കഴിഞ്ഞ് പോയതോടെ വിമി എന്റെ പിന്നാലെയായി. പേജുകൾ നിറയെ പ്രണയലേഖനം എഴുതി എന്റെ നമസ്കാര പുസ്തകത്തിൽ വയ്ക്കും.ആ കത്തുകൾ കാണുമ്പോൾ എന്നെ കിടുകിടെ വിറയ്ക്കും. ഞാനത് കീറിക്കളയും. തിരിച്ച് സ്നേഹം കൊടുക്കാത്തതു കൊണ്ട് വിമിക്ക് എന്നോട് പകയായി. പ്രതികാരമെന്നോണം അവർ അക്രമാസക്തയാവാൻ തുടങ്ങി. അനുരഞ്ജനമെന്ന നിലയിൽ അവരോട് സഹകരിക്കാൻ സിസ്റ്റേഴ്സ് സൂചിപ്പിച്ചു. മറ്റ് പോംവഴികളില്ലാതെ കുറച്ചു കാലം സഹകരിക്കേണ്ടി വന്നു

ഗർഭിണിയാവാതിരിക്കാനാണ് താൻ ഇതൊക്കെ ചെയ്യുന്നതെന്നും കൂട്ടുകാരിയായ സിസ്റ്റർ ഗർഭം ധരിക്കാത്തത് എന്തു കൊണ്ടാണെന്ന് മനസിലാവുന്നില്ലെന്നും വിമി പറഞ്ഞു. എനിക്കൊരിക്കലും ഉൾക്കൊള്ളാൻ കഴിയാത്ത കാര്യങ്ങളായിരുന്നു ഇത്. കുറ്റബോധം കൊണ്ട് ഞാൻ മാനസികമായി തകർന്നു.ഒടുവിൽ ഒരു സീനിയർ പുരോഹിതനെ കൺസൾട്ട് ചെയ്യാൻ എന്നെ കൂട്ടിക്കൊണ്ടുപോയി. ഞാൻ പറഞ്ഞു.

‘ഫാദർ ഇത് സഹിക്കാൻ എനിക്ക് ബുദ്ധിമുട്ടാണ്. ഇത്തരം കാര്യങ്ങൾ ഞാൻ ആസ്വദിക്കുന്നില്ല."

വിമിയിൽ നിന്നും രക്ഷപ്പെടാനായി ഒരു സ്ഥലം മാറ്റത്തിനുള്ള അപേക്ഷയുമായി ഞാൻ മദർ പ്രൊവിൻഷ്യലിനെ സമീപിച്ചു. സ്ഥലംമാറ്റ ഉത്തരവു കണ്ട് വിമി അലറി. "ഞാൻ നിന്നെ വിട്ട് എവിടേക്കും പോവില്ല"

ഞങ്ങളുടെ മുന്നിൽ വച്ച് സിസ്റ്റർ വിമി മദർ പ്രൊവിൻഷ്യലിനെ ചീത്ത വിളിക്കാൻ തുടങ്ങി.എന്നിട്ട് അവർ എന്നോട് പറഞ്ഞു."ദയവു ചെയ്ത് ജെസ്മി ആ കെമിസ്ട്രി ലാബിൽ ചെന്ന് അറ്റൻഡറെ കണ്ട് കുറച്ച് വിഷം വാങ്ങിവരൂ"അതുവരെ സംയമനം പാലിച്ചു നിന്ന ഞാൻ പൊട്ടിത്തെറിച്ചു.

‘ഒരു കന്യാസ്ത്രീയാണെന്നു പറയാൻ നിനക്ക് നാണമില്ലേ? നീ ദൈവത്തിൽ വിശ്വസിക്കുന്നില്ലേ? മേലിൽ ഇത്തരം കാര്യത്തിന് എന്റെ അടുക്കൽ വന്നേക്കരുത്. ഞാൻ നിന്നെ വെറുക്കുന്നു."

മാനുഷികതയ്ക്ക് നിരക്കാത്ത മറ്റ് എന്തെങ്കിലും അനുഭവങ്ങൾ?

എം.ഫിൽ ന് പഠിക്കുന്ന അവസരത്തിൽ എന്റെ അപ്പൻ മരണക്കിടക്കയിലാണ്. ഒപ്പം നിന്ന് ശുശ്രൂഷിക്കാൻ അനുവാദം ഇല്ലാത്തതു കൊണ്ട് വല്ലപ്പോഴും പോയി കാണും. മദർ സുപ്പീരിയറിന് അത് ഇഷ്ടമില്ല. ഇനി ഇക്കാര്യം പറഞ്ഞ് എന്റെ മുന്നിൽ വന്നേക്കരുതെന്ന് അവർ താക്കീത് നൽകി.പരീക്ഷയുടെ തലേന്ന് അപ്പനെ കണ്ട് അനുഗ്രഹം വാങ്ങണമെന്നുണ്ടായിരുന്നു. കഴിഞ്ഞില്ല. പിറ്റേന്ന് അപ്പന്റെ മരണ വാർത്തയാണ് കേൾക്കുന്നത്. ആ രാത്രി അപ്പന്റെ മൃതദേഹത്തിന് കാവലിരിക്കാൻ പോലും അനുവദിച്ചില്ല. പണ്ടത്തെ നിയമപ്രകാരം മാതാപിതാക്കളുടെ മൃതദേഹം കാണാൻ പോലും കന്യാസ്ത്രീകളെ അനുവദിച്ചിരുന്നില്ലത്രെ.

അധമവികാരങ്ങൾക്കതീതരാവേണ്ട ദൈവത്തിന്റെ മണവാട്ടികൾക്ക് താങ്കൾ പറയുന്ന മാതിരി അസൂയയുണ്ടോ?

പുറത്തു നിന്ന് നോക്കുമ്പോൾ അവിശ്വസനീയമായി തോന്നാം. സത്യത്തെ മുഖാമുഖം കണ്ടതാണ് ഞാൻ. മികച്ച അദ്ധ്യാപിക, എം.ഫിൽ ന് ഒന്നാം റാങ്ക്, പാഠ്യേതര വിഷയങ്ങളിലും കഴിവുകൾ..പല തരത്തിലും എനിക്ക് പ്രാമുഖ്യം ലഭിക്കുന്നു എന്ന് കണ്ടതോടെ മദർ പ്രൊവിൻഷ്യലായ ക്ളൗഡിയക്ക് അസൂയയായി. റാങ്ക് കിട്ടിയ വിവരം പറഞ്ഞപ്പോൾ ക്രോധത്തോടെ അവർ ചോദിച്ചു.

‘നിനക്ക് എങ്ങനെ ഒന്നാം റാങ്ക് കിട്ടി?‘ ഞാൻ പി.എച്ച്ഡീ.ക്ക് പോവാൻ ശ്രമിച്ചതോടെ അവരുടെ എല്ലാ നിയന്ത്രണങ്ങളും തകർന്നു. പല തരത്തിൽ പീഡിപ്പിക്കാൻ ശ്രമിച്ചു. ഒടുവിൽ എനിക്ക് ഭ്രാന്താണെന്ന് വരുത്തി തീർക്കാനായി ശ്രമം. എന്നെ കാണാൻ വന്ന അമ്മയോട് ഞാൻ എന്റെ വിഷമങ്ങൾ പറഞ്ഞു. ഈശോയുടെ പേരിൽ എല്ലാം സഹിക്കാൻ അമ്മ ഉപദേശിച്ചു. ഒരു ദിവസം നിർബന്ധപൂർവം അവരെന്നെ മനശാസ്ത്രജ്ഞന്റെ അടുക്കലെത്തിച്ചു. ഞാൻ ഉറക്കെ കരഞ്ഞു കൊണ്ട് ഓടി രക്ഷപ്പെട്ടു. മഠത്തിലെ മുറിക്കുള്ളിൽ കടന്ന് വാതിലടച്ചു. പിറ്റേന്ന് ഫോൺ വിളിച്ചപ്പോൾ അമ്മ എന്നെ സമാധാനിപ്പിച്ചു.

‘മോളേ അവരോട് പറയണം.നിന്റെ അച്ചൻ മാത്രമേ മരിച്ചിട്ടുള്ളു. അമ്മ ജീവിച്ചിരിപ്പുണ്ടെന്ന്. ഇല്ലാത്ത രോഗത്തിന്റെ പേരിൽ എന്റെ മോളെ ക്രൂശിക്കാൻ ശ്രമിച്ചാൽ ഞാൻ അവർക്കെതിരെ കേസ് കൊടുക്കുമെന്ന്."

എല്ലാ പരീക്ഷകളും റാങ്ക് വാങ്ങി ജയിച്ച, കോളേജ് പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ച എനിക്ക് മനോരോഗമാണെന്ന് സ്ഥാപിക്കാൻ ശ്രമിച്ചവരുടെ മന സിനെക്കുറിച്ച് ഒന്നോർക്കൂ.

കേവലം അസൂയ കൊണ്ടുമാത്രം അത്ര വലിയ കടുംകൈക്ക് മുതിരുമോ?

എന്റെ തുറന്നു പറച്ചിലുകളും നേർവഴികളും അധികാരികളുടെ രഹസ്യങ്ങൾ വെളിപ്പെടുത്തുമെന്ന് അവർ ഭയപ്പെട്ടിരിക്കാം. ഭ്രാന്തിയായി മുദ്ര കുത്തി കഴിഞ്ഞാൽ ഞാൻ പറയുന്നതത്രയും അസംബന്ധമായി വ്യാഖ്യാനിക്കാമല്ലോ? അധികാരികളുടെ ചില ചെയ്തികൾ ഞാൻ ചോദ്യം ചെയ്തതിന്റെ പ്രതികാരം കൂടിയായിരുന്നു അത്.

ആ സാഹചര്യത്തെ എങ്ങനെ നേരിട്ടു?

മാസങ്ങൾ നീണ്ടു നിൽക്കുന്ന ഒരു പ്രാർത്ഥനക്ക് പോയി. തിരിച്ചു വന്ന ശേഷം പലതിനോടും കണ്ണടക്കാൻ ശീലിച്ചു. പ്രിൻസിപ്പൽ നടത്തുന്ന ധൂർത്തും ധനദുർവിനിയോഗവും കണ്ടില്ലെന്ന് നടിച്ചു. ലൈബ്രേറിയൻ സിസ്റ്ററോടും അറ്റൻഡർ പെൺകുട്ടിയോടുമുള്ള പ്രിൻസിപ്പലിന്റെ "പ്രത്യേക സ്നേഹവും" അറിയാത്തതായി ഭാവിച്ചു.

പ്രതികാരം അവിടം കൊണ്ട് അവസാനിച്ചോ?.

എങ്കിൽ എത്ര നന്നായിരുന്നു. ക്രൂരതയുടെ എല്ലാ അതിർത്തികളും ലംഘിക്കപ്പെട്ട ഒരനുഭവം മറക്കാൻ വയ്യ. സദാചാരപരമായി വിശുദ്ധിയുള്ള ഒരു സുപ്പീരിയർ മഠത്തിലേക്ക് വന്നപ്പോൾ ഞാൻ സന്തോഷിച്ചു. പക്ഷേ മാനുഷികത തൊട്ടു തീണ്ടിയിട്ടില്ലാത്ത വിലക്കുകൾ ഏർപ്പെടുത്തിക്കൊണ്ട് അവർ എന്നെ ഞെട്ടിച്ചു.

എന്റെ അമ്മയുടെ അറുപതാം പിറന്നാൾ വീട്ടിൽ ആഘോഷിക്കാൻ എല്ലാ മക്കളും അമ്മയെ ക്ഷണിച്ചു. പക്ഷേ എല്ലാവരും കൂടി എന്റെ അടുത്ത് വന്ന് കുർബാന കൂടി സിസ്റ്റേഴ്്സിന് ബ്രേക്ക് ഫാസ്റ്റ് കൊടുത്ത് കേക്ക് മുറിച്ച് ആഘോഷിക്കണമെന്നായിരുന്നു അമ്മയുടെ ആഗ്രഹം. തലേന്ന് അമ്മ സുപ്പീരിയറെ കണ്ട് അനുവാദത്തിന് അപേക്ഷിച്ചെങ്കിലും നിഷ്കരുണം തള്ളി.ഒടുവിൽ പുത്തൻപള്ളിയിൽ കുർബാന കൂടി കേക്ക് മുറിക്കാൻ പോയി. കേക്ക് മുറിക്കാനുള്ള സ്ഥലത്തിനായി അമ്മ കപ്യാരോട് യാചിക്കുന്ന കാഴ്ച കണ്ട് ഞാൻ കരഞ്ഞു. പിന്നീടൊരിക്കൽ ഒരു സിസ്റ്ററിന്റെ മാതാപിതാക്കളുടെ വിവാഹവാർഷികം മഠത്തിലെ ഊട്ടുപുരയിൽ വച്ച് സദ്യയടക്കം ആഘോഷിക്കാൻ അനുവദിക്കുന്നത് കണ്ടപ്പോഴും വല്ലാത്ത വിഷമം തോന്നി.

ഇത്തരം വിവേചനങ്ങൾ കാണുമ്പോൾ ജെസ്മിക്ക് എന്തോ കുഴപ്പമുള്ളതായി സംശയിച്ചുകൂടെ?

സംശയിക്കാം. സംശയം സത്യമാവണമെന്നില്ലല്ലോ? ഒരു സിസ്റ്ററുടെ ഗർഭപാത്രം നീക്കുന്ന ഓപ്പറേഷൻ കഴിഞ്ഞപ്പോൾ മദർ സുപ്പീരിയർ എന്നോടു പറഞ്ഞ കമന്റ് ഇപ്പോഴും ഓർമ്മയിലുണ്ട്.

'ഗർഭപാത്രം കളഞ്ഞത് നന്നായി. അല്ലെങ്കിൽ അവൾ രാത്രി ഓരോത്തിടത്ത് പോവുമ്പോൾ ഞാൻ ഭയപ്പെടുമായിരുന്നു."

ആ സിസ്റ്ററെ ഒരു ഉന്നതന്റെ മുറിയിൽ നിന്നും കയ്യോടെ പിടി കൂടിയ കഥയും അവർ വിശദീകരിച്ചു. ഇത്തരം കാര്യ ങ്ങൾക്ക് എന്നെ കിട്ടുന്നില്ല എന്നതാണ് എന്റെ കുഴപ്പം.

ഡി.സി.ബുക്സ് പ്രസിദ്ധീകരിച്ച ആമേൻ എന്ന ജെസ്മിയുടെ ആത്മകഥ സ്ഫോടനാത്മകമാണ്. അത്ര തീക്ഷ്ണമായി എല്ലാം തുറന്നെഴുതാനുള്ള ധൈര്യം എങ്ങനെ കിട്ടി?

സത്യം തുറന്നു പറയാൻ മടിക്കേണ്ടതുണ്ടോ? പിൻ തലമുറക്ക്, നമുക്ക് സംഭവിച്ച പാളിച്ചകൾ ഒഴിവാക്കി മുന്നോട്ടു പോവാൻ അത് ഉപകരിച്ചെങ്കിലോ?

ഏതൊരു മനുഷ്യ ജീവിക്കും ബാധകമായ പ്രണയം, തുടങ്ങിയ നൈസർഗിക വികാരങ്ങൾക്കെല്ലാം അതീതയാണെന്നാണോ?

എത്ര വലിയ വ്രതനിഷ്ഠയുള്ളവരുടെ മനസും ചില സന്ദർഭങ്ങളിൽ ചാഞ്ചാടാം. ഭക്തിഗാന കാസറ്റിന്റെ റെക്കാർഡിങ്ങിനായി എറണാകുളത്തു പോയപ്പോൾ പരിചയപ്പെട്ട ഗോവിന്ദ് സമയം പാഴാക്കി കളയുന്നതു കണ്ട് ഞാൻ വഴക്ക് പറഞ്ഞു. എന്റെ കോപം കൗതുകമായെടുത്ത് അയാൾ പേര് ചോദിച്ചു. ജെസ്മി എന്ന പേര് ജീസസും ഞാനും എന്ന അർത്ഥത്തിലാണെന്ന് പറഞ്ഞപ്പോൾ എടുത്തടിച്ചതു പോലെ അയാൾ ചോദിച്ചു."ജീസസിന്റെ പേരിന് പകരം എന്റെ പേര് വയ്ക്കാമോ?'ദൈവത്തെ തൊട്ടു കളിക്കുന്നത് തീക്കളിയാണ്ട്ടോ.." ഞാൻ മറുപടി കൊടുത്തു.

അതിനു ശേഷം സദാസമയവും ഗോവിന്ദ് എന്റെ പിന്നാലെയായി. അയാൾക്ക് ഞാൻ കഴിക്കുന്ന ഭക്ഷണത്തിന്റെ വീതം വേണം. തലവേദനക്ക് എന്റെ മരുന്ന് വേണം. മഴയത്ത് ഞാൻ കുടയുമായി നിന്നപ്പോൾ ഓടി വന്ന് എന്റെ കുടയിൽ നിന്നു.

വർഷങ്ങൾ നീണ്ട കാത്തിരിപ്പിനു ശേഷം തന്റെ ആത്മസഖിയെ കണ്ടെത്തിയിരിക്കുന്നു എന്നാണയാളുടെ ഭാഷ്യം. ഞാൻ ചോദിച്ചു."എപ്പോൾ തുടങ്ങി ഈ അസുഖം?'

'കണ്ടപ്പോൾ തുടങ്ങി"വളരെ പച്ചയായി അയാൾ പറഞ്ഞു.

ഞാൻ ചിരിച്ച് തമാശയായി തള്ളി. രാത്രി ഉറങ്ങാൻ കിടന്നപ്പോൾ ഞാൻ ഗോവിന്ദന്റെ സ്നേഹപൂർവമായ പെരുമാറ്റത്തെക്കുറിച്ച് ഓർത്തു. അങ്ങനെയൊരു അനുഭവം ജീവിതത്തിൽ ആദ്യമാണ്. ഞാൻ പുഞ്ചിരിയോടെ മുറിയിലെ ക്രൂശിത രുപത്തിലേക്ക് നോക്കി. പെട്ടെന്ന് ഞാൻ ആ ഇഷ്ടത്തെ ഈശോ എന്ന വലിയ കടലി ൽ ഒഴുക്കി. അങ്ങയുടെ സ്നേഹപ്രവാഹത്തിനു മുന്നിൽ ഈ ഗോവിന്ദൻ ആര് എന്ന മട്ടിൽ നിസാരവൽക്കരിച്ചു.

മറ്റൊരിക്കൽ, എന്റെ പ്രമോഷനോടനുബന്ധിച്ച് ബാംഗ്ളൂരിൽ ഒരു റിഫ്രഷർ കോഴ്സിൽ പങ്കെടുക്കാൻ അവസരം കിട്ടി. സത്രീകളെ നോക്കുക പോലും ചെയ്യാത്ത, തന്റെ വിശുദ്ധിയും ബ്രഹ്മചര്യവും കൊണ്ടു ശ്രദ്ധേയനായ പുരോഹിതനാണ് ചുമതല. അതിരാവിലെ ഞാൻ ചെന്നിറങ്ങുമ്പോൾ അദ്ദേഹം അക്ഷമനായി ബാംഗ്ളൂർ റെയിൽവെ സ്റ്റേഷനിൽ എന്നെ കാത്തു നിൽപ്പുണ്ടായിരുന്നു.

സ്വതവെ ഒതുങ്ങിയ പ്രകൃതക്കാരനായ അദ്ദേഹം അതിഗാഢമായി ആലിംഗനം ചെയ്താണ് എന്നെ സ്വീകരിച്ചത്. അദ്ദേഹം എന്നെ 'ലാൽബാഗി്' ലേക്ക് കൊണ്ടുപോയി.

അവിടെ മരത്തണലിൽ ജോടി ചേർന്നിരിക്കുന്ന ആൺകുട്ടികളെയും പെൺകുട്ടികളെയും കാണിച്ചു തന്ന് ശാരീരിക ബന്ധത്തിന്റെ ആവശ്യകതയെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചപ്പോൾ എനിക്ക് ആകെ അമ്പരപ്പായി.

കാപ്പി കുടിക്കാനായി അദ്ദേഹം എന്നെ മുറിയിലേക്ക് കൂട്ടിക്കൊണ്ടു പോയി ഗാഢമായി ആലിംഗനം ചെയ്തു. ശരീരഭാഗങ്ങളിൽ സ്പർശിച്ചു. അൽപ്പസമയത്തേക്ക് വല്ലാത്ത ഒരാകാംക്ഷ എന്നെ പൊതിഞ്ഞു. അബോധമായ ഏതോ പ്രേരണക്ക് വഴങ്ങി ഒരു നിമിഷം ചില അരു താ യ്മകൾക്ക് ഞാൻ വിധേയയായി. അപ്പോ ഴും അതിരുകൾ കടക്കാതെ ഞാൻ സ്വയം രക്ഷിച്ചു. ഇന്നും കഠിനമായ കുറ്റബോധത്തോടെയേ ആ സംഭവം എനിക്ക് ഓർക്കാൻ കഴിയൂ.

മഠവും സഭാവസ്ത്രവും ഉപേക്ഷിക്കാനുള്ള പ്രേരണ ഇത്തരം അനുഭവങ്ങളാണോ?

മാത്രമല്ല. ഒരു സിസ്റ്ററുടെ ചേച്ചിയുടെ കല്യാണാവശ്യത്തിന് പതിനായിരം രൂപയുടെ കുറവ് വന്നപ്പോൾ ഞാനും അവരും ചേർന്ന് കാലു പിടിച്ച് പറഞ്ഞിട്ടും സഹായിക്കാൻ മദർ കൂട്ടാക്കിയില്ല.

അതുപോലെ ഒട്ടേറെ അനുഭവങ്ങൾ. ആരെയും ഞാൻ കുറ്റപ്പെടുത്തുകയല്ല. സഭയെയും പുരോഹിതൻമാരെയും അങ്ങേയറ്റം ബഹുമാനത്തോടെയാണ് ഇപ്പോഴും കാണുന്നത്. ചില അപചയങ്ങളോട് മാത്രമാണ് എതിർപ്പ്. ഇത്തരം മൂല്യച്യുതികൾക്ക് കാരണമായി എനിക്ക് തോന്നുന്നത് സ്വത്തുക്കൾ വാരിക്കൂട്ടാനുള്ള അമിതത്വരയാണ്. വാണിജ്യ താത്പര്യങ്ങൾ കടന്നു വരുമ്പോൾ ആദ്ധ്യാത്മികതയുടെ തീവ്രത കുറയും. പണം ക്രമാതീതമായി കുമിഞ്ഞുകൂടുമ്പോൾ സുഖഭോഗങ്ങളോട് താത്പര്യമേറുക സ്വാഭാവികം.

ബ്രഹ്മചര്യം അടക്കമുള്ള ആദ്ധ്യാത്മികതയുടെ അനിവാര്യതകളിൽ മങ്ങലേൽക്കും. എങ്കിൽ പിന്നെ ഭൗതികജീവിതം വിട്ട് ആദ്ധ്യാത്മികതയിലേക്ക് വരേണ്ടിയിരുന്നോ? അഥവാ വിശുദ്ധ വസ്ത്രം ഉപേക്ഷിച്ച് പഴയ ജീവിതത്തി േലക്ക് മടങ്ങാനുള്ള മാന്യതയെങ്കിലും കാണിക്കണ്ടേഎന്റേതായ വിയോജിപ്പുകമൂലം സഭാവസ്ത്രംഉപേക്ഷിച്ച് സാരിയിലേക്കും ചുരീദാറിലേക്കും മാറിയെങ്കിലും മനസുകൊണ്ടും ശരീരം കൊണ്ടും ഞാനിപ്പോഴും ദൈവത്തെ അതിന്റെ പരിപൂർണ്ണതയിൽ അറിയാൻ ശ്രമിക്കുന്നു. അതിന് പാകമാം വിധം വ്രതനിഷ്ഠമായ ജീവിതം നയിക്കുന്നു. അതിൽ നിന്നും ഞാൻ തിരിച്ചറിഞ്ഞ ഒരു കാര്യമുണ്ട്. ദൈവത്തെ അടുത്തറിയാൻ മതസ്ഥാപനങ്ങളുടെ പിൻബലവും(?) മേൽവിലാസവും നിർബന്ധമില്ല. ദൈവത്തോട് അങ്ങേയറ്റം അടുത്ത് ജീവിക്കുക എന്നതായിരുന്നു എക്കാലവും എന്റെ സ്വപ്നം. അവിടത്തെ അന്തരീക്ഷം അതിന് വിഘാതമാണെന്ന് കണ്ടപ്പോൾ ഞാൻ മുപ്പത് വർഷത്തെ സഭാജീവിതം അവസാനിപ്പിച്ച് പടിയിറങ്ങി

ഇപ്പോൾ എന്റെ പ്രാർത്ഥന ഇങ്ങനെയാണ്. ആ പെരും കോട്ടയിൽ നിന്ന് എന്നെ രക്ഷിച്ച് സുരക്ഷിത സ്ഥാനത്ത് എത്തിച്ച ഈശോയേ നിനക്ക് നന്ദി.